# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 186** **05.02.2018-ൽ മറുപടിക്ക്**

## ആധുനിക വൈദ്യുതി സേവന കേന്ദ്രങ്ങൾ

| | ചോദ്യം<br>ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ<br>" മുല്ലക്കര രത്നാകരൻ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ. കെ. രാജൻ : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | വൈദ്യുതി ബോർഡിന്റെ എല്ലാ സേവനങ്ങളും ഒരിടത്ത് ലഭ്യമാകുന്ന തരത്തിൽ ആധുനിക വൈദ്യുതി സേവന കേന്ദ്രങ്ങൾ സംസ്ഥാനത്ത് വ്യാപിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) (ബി) & (സി) | ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് വൈദ്യുതി സേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ബോർഡ് തത്വത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. പരീക്ഷണാടിസ്ഥാനത്തിൽ സംസ്ഥാനത്തെ 14 ജില്ലാ കേന്ദ്രങ്ങളിൽ വൈദ്യുതി സേവന കേന്ദ്രങ്ങൾ ആരംഭിക്കുവാനാണ് തുടക്കത്തിൽ ഉദ്ദേശിക്കുന്നത്. വൈദ്യുതി ബോർഡിൽ നിന്നും ഉപഭോക്താക്കൾക്ക് ലഭ്യമാക്കേണ്ട എല്ലാ സേവനങ്ങളും ഒരിടത്ത് നിന്നു തന്നെ ലഭ്യമാകുന്നതിനു വേണ്ടിയാണ് ടി സേവന കേന്ദ്രങ്ങൾ തുടങ്ങാൻ ഉദ്ദേശിക്കുന്നത്. ഉപഭോക്താക്കൾക്ക് പ്രദേശ വ്യത്യാസമില്ലാതെ ഏതു വൈദ്യുതി സേവന കേന്ദ്രങ്ങളേയും സമീപിക്കാവുന്നതാണ്. പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കുന്ന സേവനകേന്ദ്രങ്ങൾ വിജയകരമാണെങ്കിൽ ആവശ്യമായ മറ്റിടങ്ങളിലേക്കും വ്യാപിപ്പിക്കുന്നതാണ്. |
| (ബി) | എന്തെല്ലാം സേവനങ്ങളാണ് പ്രസ്തുത സേവനകേന്ദ്രങ്ങൾ മുഖേന നൽകുന്നതിന് വിഭാവനം ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ; | | |
| (സി) | പ്രസ്തുത സേവന കേന്ദ്രം മുഖേന സോളാർ പാനലുകൾ വിതരണം ചെയ്യുന്നതിനും വൈദ്യുതിയുമായി ബന്ധപ്പെട്ട മറ്റ് സേവന കേന്ദ്രങ്ങളെ ഇതുമായി ബന്ധിപ്പിക്കുന്നതിനുമുള്ള സംവിധാനം ഉണ്ടാക്കുമോ എന്നറിയിക്കാമോ? | | പൊതുജനങ്ങൾക്കും ഉപഭോക്താക്കൾക്കും ഏറ്റവും എളുപ്പത്തിൽ എത്തിച്ചേരാൻ സൗകര്യപ്രദമായ ഇടങ്ങളിൽ ആധുനിക സൗകര്യങ്ങളോടു കൂടിയ സേവന കേന്ദ്രങ്ങൾ തുടങ്ങാനാണ് തീരുമാനിച്ചിട്ടുള്ളത്. പുതിയ കണക്ഷനുകൾക്ക് വേണ്ടിയും, മീറ്റർ മാറ്റിവെയ്ക്കൽ, ഉടമസ്ഥാവകാശമാറ്റം, താരിഫ് മാറ്റം, ഫേസ് കൺവേർഷൻ, വൈദ്യുതി വിച്ഛേദിക്കൽ, വൈദ്യുതി ലൈൻ അഴിച്ചു മാറ്റൽ തുടങ്ങിയ മറ്റു സേവനങ്ങൾക്കായുമുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിനും ബില്ലിങ്ങിനെ സംബന്ധിച്ചും, സർവീസ് ക്വാളിറ്റിയെ സംബന്ധിച്ചുമുള്ള അന്വേഷണങ്ങൾക്കായും, പരാതികൾ |

| | | | |
|---|---|---|---|
| | | | സമർപ്പിക്കുന്നതിനായും പ്രസ്തുത സേവന കേന്ദ്രങ്ങളെ സമീപിക്കാനാവും. വൈദ്യുതി സേവന കേന്ദ്രങ്ങളെ വൈദ്യുതിയുമായി ബന്ധപ്പെട്ട മറ്റു സേവന കേന്ദ്രങ്ങളുമായി ബന്ധിപ്പിക്കുവാനുള്ള സൗകര്യവും ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നു. എല്ലാ ഉപഭോക്താക്കൾക്കും വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനുള്ള സൗകര്യവും ടി കേന്ദ്രങ്ങളിൽ നൽകാൻ ഉദ്ദേശിക്കുന്നു. ഇതിനു പുറമെ ഗ്രിഡ് കണക്റ്റഡ് സോളാർ കണക്ഷൻ സംബന്ധമായ സേവനങ്ങളും ഈ കേന്ദ്രങ്ങൾ വഴി നൽകുവാൻ ആലോചിക്കുന്നു.<br>വൈദ്യുതി മേഖലയിലെ മറ്റു സ്ഥാപനങ്ങളായ ഇ. എം. സി, അനെർട്ട്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നിവയുമായി ബന്ധപ്പെട്ട സേവനങ്ങൾ സൗരോർജ്ജ പ്ലാന്റുകളുടെ സ്ഥാപിക്കലിനുവേണ്ട സേവനങ്ങൾ തുടങ്ങിയവയും ഇത്തരം സേവന കേന്ദ്രങ്ങളിലൂടെ സാധ്യമാക്കുന്ന കാര്യം പരിശോധിക്കുന്നുണ്ട്.<br>വൈദ്യുതി സേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച് ബോർഡിലെ അംഗീകൃത യൂണിയനുകളുമായി ചർച്ചകൾ നടന്നു വരികയാണ്. |

സെക്ഷൻ ഓഫീസർ